വനം കാൺട്രാക്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങൾ.

* 810. [47] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ജനുവരിക്കുശേഷം ഈ സ്റ്റേറ്റിൽ വനം കാൺട്രാക്റ്റിനെ സംബന്ധിച്ച് എത്ര ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഏതെല്ലാം?

(സി) ശേഷാചലം വനം കാൺട്രാക്റ്റിനെ സംബന്ധിച്ചുള്ള ഗവണ്മെൻറിന്റെ അന്വേഷണം പൂർത്തിയായോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) തിരുവനന്തപുരം ഡിവിഷനിൽ രണ്ട്.
തൃശ്ശൂർ ഡിവിഷനിൽ .... നാല്.
കോട്ടയം ഡിവിഷനിൽ .... ഒന്ന്.

(ബി) തിരുവനന്തപുരം ഡിവിഷൻ: നെയ്യാർ വാട്ടർസ്പ്രെഡ് ഏറിയായിൽനിന്ന തടികളും, കാണിപ്പാറയിൽ നിന്ന തടികളും വാരുകയ്യിട്ടി ഇറക്കുന്നതിനായി ശ്രീ. പി. എസ്. ശേഷാചലത്തിനു കൊടുത്തിട്ടുള്ള കാൺട്രാക്റ്റുകളെ സംബന്ധിച്ചുവ.

തൃശ്ശൂർ ഡിവിഷൻ : (1) അയ്യംപാറ ബ്ലാക്കിൽനിന്നും വനവൃക്ഷങ്ങൾ മേൽലാഭപ്രകാരം ലേലം ചെയ്തതിനെ സംബന്ധിച്ച്.

(2) പൂങ്ങോട് കുപ്പിൽനിന്നും മരവും വിറകും ശേഖരിച്ച ഡിപ്പോകളിൽ എൽപ്പിച്ചുതരുവാൻ ക്ഷണിച്ച ടർഫാസിനെ സംബന്ധിച്ച്.

(3) 21, 22 എന്നീ പാലപ്പിള്ളി ബ്ലാക്കുകളിൽ നിന്നും മരവും വിറകും ശേഖരിച്ച് ഡിപ്പാർട്ടുമെൻറിലേയ്ക്ക് എൽപ്പിച്ചുതരുവാൻ ക്ഷണിച്ച ടർഫാസിനെ സംബന്ധിച്ച്.

(4) പുത്തൂർ ബ്രാഞ്ച് കനാൽ മൂന്നാം സെക്ഷനിൽനിന്നും വനവൃക്ഷങ്ങൾ നീക്കം ചെയ്തുകൊണ്ടുപോകുവാൻ ലേലം ചെയ്തതിനെ സംബന്ധിച്ച്.

കോട്ടയം ഡിവിഷനിൽ 1952-ലെ ഉടമ്പടിപ്രകാരം കല്ലാറിൽനിന്നും കുമിളി ഡിപ്പോവിലേയ്ക്ക് തടി ഇറക്കേണ്ട കാൺട്രാക്റ്റിനെപ്പറ്റി.

(സി) അന്വേഷണം ഗവണ്മെൻറ് നടപടിയിൽ ഇരിക്കുന്നു.

തമിഴ്നാട് കേസുകൾ

* 811. [51] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിനു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തമിഴ്നാട് കേസുകൾ ഏതെങ്കിലും പിൻവലിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : തമ്പ്രാൻനാട്ടുകേസുകളും എല്ലാം പിൻവലിക്കാൻ ഗവണ്മെൻറ് നടപടിയെടുക്കുന്നുണ്ട്.

തൊഴിൽക്കുഴപ്പങ്ങൾ.

* 812. [52] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ഫെബ്രുവരി 15–ാംതീയ്യതിക്കുശേഷം സംസ്ഥാനത്തു് എത്ര തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടു്;

(ബി) അവയിൽ എത്ര എണ്ണം ഒത്തുതീർപ്പിലെത്തി; ഇനിയും അവസാനിക്കാത്തതായി എത്ര എണ്ണം ഉണ്ടു്;

(സി) ഈ കാലയളവിനുള്ളിൽ തൊഴിൽക്കുഴപ്പങ്ങൾ പ്രമാണിച്ചു് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടു്; അവരിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടു്; അറസ്റ്റ് ചെയ്തവരുടെ കൂട്ടത്തിൽ തൊഴിലാളികളെത്ര; രാഷ്ട്രീയപ്രവർത്തകരെത്ര; മുതലാളിമാരെത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 2310.

(ബി) ഒത്തുതീർപ്പിലെത്തിയതു് 2040. ശേഷിക്കുന്നതു് 270.

(സി) തൊഴിൽക്കുഴപ്പം പ്രമാണിച്ചു് ആരെയും അറസ്റ്റ് ചെയ്യുകയുണ്ടായില്ല.

ഏലത്തോട്ടങ്ങൾ.

* 813. [53] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് എത്ര ഏക്കർ ഏലത്തോട്ടമുണ്ടു്;

(ബി) 1952, 1953, 1954 ഈ കൊല്ലങ്ങളിൽ ഈ രാജ്യത്തു് എത്ര ഏലക്കാ ഉണ്ടായിട്ടുണ്ടു്;

(സി) ഈ കൃഷിയെ വികസിപ്പിക്കുവാൻ ഗവണ്മെൻറിനു വല്ല പദ്ധതിയും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണെന്നു വിശദമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 63,356 ഏക്കർ.

(ബി) 1952–53–ൽ 1143 ടണ്ണും, 1953–'54–ൽ 1106 ടണ്ണും ഏലക്കാ ഈ സംസ്ഥാനത്തിൽ ഉല്പാദിപ്പിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ഏലക്കൃഷിയുടെ വികസനത്തിനായി ഒരു ഗവേഷണകേന്ദ്രം തുടങ്ങുന്നതിനു് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഒരു സ്കീം ഉൾപ്പെടുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly